# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2312

08/07/2015-ൽ മറുപടിക്ക്

## ഓൺലൈൻ മരുന്ന വ്യാപാരം

ചോദ്യം

മറുപടി

**ശ്രീ. കെ.എൻ.എ.ഖാദർ**

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

എ) സംസ്ഥാനത്ത് അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ മരുന്നവിതരണം നടക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഡോക്ടറുടെ കുറിപ്പടിയിൻമേൽ മാത്രം വില്പന നടത്തേണ്ടുന്ന മരുന്നുകൾ അംഗീകൃത ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടവർക്കെതിരെ വകുപ്പുതല നടപടിയായി ലൈസൻസ് താൽക്കാലികമായി നിശ്ചിതകാലയളവിലേയ്ക്ക് റദ്ദ് ചെയ്യുകയും തുടർന്നും മേൽ പ്രസ്താവിച്ച രീതിയിലുള്ള വിപണനം കണ്ടെത്തുന്ന പക്ഷം ലൈസൻസ് സ്ഥിരമായി റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ബി) മരുന്ന വിതരണം ഓൺലൈനായി നടക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

ബി) മരുന്ന വിതരണം ഓൺലൈനായി നടക്കുന്നുണ്ടെന്നെ പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ നടത്തിയ കൂടുതൽ അന്വേഷണത്തിൽ നിന്നും ഓൺലൈൻ വിപണനം ചെയ്യുന്ന സൈറ്റുകൾ എല്ലാം യു.എസ്, കാനഡ എന്നീ രാജ്യങ്ങൾക്കാണ് ഓൺലൈൻ പേയ്മെന്റ് ആക്ടീവായിക്കാണപ്പെടുന്നത്. പ്രസ്തുത സൈറ്റുകൾ ഒന്നും നമുക്ക് പ്രാപ്യമായിട്ട് കാണപ്പെടുന്നില്ല.

സി) ഇത്തരത്തിലുള്ള ഓൺലൈൻ മരുന്ന വ്യാപാരം ആരോഗ്യ രംഗത്തെ തകർക്കുന്നതാണെന്ന്

സി) ഓൺലൈൻ മരുന്നു വ്യാപാരം സമൂഹത്തിന്റെ ആരോഗ്യ അവസ്ഥയ്ക്കെതിരെയുള്ള ഒരു വെല്ലുവിളി തന്നെയാണെന്നത് നിസംശയമായ വസ്തുതയാണ്. ഓൺ. ലൈൻ മരുന്നു

| | |
|---|---|
| വിലയിരുത്തിയിട്ടുണ്ടോ ; | വ്യാപാരം വഴി വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ മാത്രം കഴിക്കേണ്ടുന്ന മരുന്നുകൾ അശാസ്ത്രീയമായി ഉപയോഗിക്കുന്നതിലേയ്ക്കായി പൊതുജനങ്ങളെ പ്രേരിപ്പിക്കുന്ന സാഹചര്യത്തിലേയ്ക്ക് വഴിതെളിച്ചേക്കാം. |
| ഡി) എങ്കിൽ ഓൺലൈൻ വഴി മരുന്നു വിതരണം തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ ? | ഡി) ഓൺലൈൻ വഴി മരുന്നുവിതരണം ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് തടയുന്നതിലേയ്ക്കായി വകുപ്പ് നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ